LIBRARY ARCHIVES Kerala Legislative Assembly

## ഇടുക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ

18 [2730] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളാണ് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായി സർക്കാർ പരിഗണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ തയ്യാറാക്കിയിട്ടുള്ളത്;

(സി) ഓരോ പദ്ധതിക്കും എത്ര തുക ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

### ഉത്തരം

(എ) ഇടുക്കി ജില്ലയിലെ തേക്കടി, മൂന്നാർ, വാഗമൺ എന്നീ കേന്ദ്രങ്ങളാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രത്യേകം പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി ആന്റ് സി) ഇടുക്കി ജില്ലയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

## കൊടുങ്ങല്ലൂരിൽ പിൽഗ്രിം ടൂറിസം

19 [2731] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര പ്രസിദ്ധമായതും പൗരാണിക പ്രാധാന്യമുള്ളതുമായ കൊടുങ്ങല്ലൂരിൽ പിൽഗ്രിം ടൂറിസത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) കൊടുങ്ങല്ലൂരിലെ മനക്കൽ ബീച്ച് ടൂറിസം വകുപ്പു വഴിയോ ഡി.ടി.പി.സി. വഴിയോ ഏറ്റെടുത്ത് ടൂറിസം വകുപ്പ് കേന്ദ്രമായി വികസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.